For Private Circulation Only

March 2018

ആഗമനാരുണൻ

HOLY BIBLE

Vol.65

"ആത്മാവിനാൽ നാം ജീവിക്കുന്നു.എങ്കിൽ ആത്മാവിനെ അനുസരിച്ചു നടക്കുകയും ചെയ്യും" (ഗലാ. 5:25)

No.3

ആത്മവിന്റെ ഫലം സ്നേഹമാണ്

By Andrew Murray

സ്നേഹത്തെ സംബന്ധിച്ച് ഒരു പഠനം നടത്തിയാൽ അത് പരിശുദ്ധാത്മാവിന്റെയും നമ്മുടെ വിശുദ്ധജീവിതത്തിന്റെയും ഫലമാണത് എന്ന് മനസ്സിലാക്കാം. പരിശുദ്ധാത്മാവ് അങ്ങനെ സ്നേഹത്തിന്റെ ആത്മാവ് എന്നും വിളിക്കപ്പെടുന്നു.

സഭ അങ്ങനെയായിരുന്നുവെങ്കിൽ സഭയുടെ അവസ്ഥ എത്ര വ്യത്യസ്തവുമായിരുന്നു. ഈ സ്വർഗ്ഗീയ സത്യത്തെ മുറുകെ പിടിച്ചുകൊൾവാൻ നമുക്കു കഴിയട്ടെ. യഥാർത്ഥ ജീവന്റെ അവകാശം പരിശുദ്ധാത്മാവിനാണെങ്കിൽ നമ്മുടെ ഹൃദയം യഥാർത്ഥ ദൈവിക സാർവ്വലൗകിക സ്നേഹത്താൽ നിറയപ്പെടേണ്ടതാണ്.

ഓർക്കുക, ദൈവത്തിൽ നിന്നും വരും ആത്മാവ് സ്നേഹമാണ്. ദൈവത്തിന്റെ ഒരു അടിസ്ഥാന ഗുണമല്ല സ്നേഹം, പിന്നെയോ ദൈവം സ്നേഹം ആകുന്നു. പരിശുദ്ധാത്മാവ് ദൈവത്തിന്റെ ആത്മാവ് എന്ന നിലയിൽ ഇറങ്ങി വരുമ്പോൾ, അവിടുന്ന് സ്നേഹത്തിന്റെ ആത്മാവ് എന്ന നിലയിലാണ് ഇറങ്ങി വരുന്നത്.

എന്താണ് സ്നേഹം? അതുല്യവും വ്യത്യസ്തവുമല്ലാതെ എങ്ങനെയാണ് സ്നേഹത്തെ കാണാൻ കഴിയുക. ഉത്തരം കൊരിന്ത്യർക്ക് എഴുതിയ ലേഖനം 13-ാം അദ്ധ്യായം വെളിപ്പെടുത്തുന്നു. " സ്നേഹം സ്വാർത്ഥം അന്വേഷിക്കുന്നില്ല" (വാക്യം 5). സ്നേഹം മറ്റുള്ളവരെ പരിഗണിക്കുന്നു. സ്നേഹം മറ്റുള്ളവരുടെ നന്മയ്ക്കും അനുഗ്രഹത്തിനും വേണ്ടി നിലനില്ക്കുന്നു.

പിതാവിന് കൂട്ടായ്മക്കായി പുത്രൻ ഉള്ളതുപോലെ നമുക്ക് പുത്രനിൽ പിതാവുമായി കൂട്ടായ്മയുണ്ട് എന്നത് ഒരു സത്യമാണ്. ദൈവം സ്നേഹം ആകുന്നു. അതുപോലെ പരിശുദ്ധാത്മാവ് ഒരു വ്യക്തി എന്ന നിലയിൽ പ്രധാനമായി ദൈവസ്നേഹം പങ്കുവയ്ക്കുകയും കവിഞ്ഞൊഴുകുന്ന ദൈവസ്നേഹത്താൽ നമ്മെ നിറയ്ക്കയും ചെയ്യുന്നു.

പരിശുദ്ധാത്മാവ് ദൈവത്തിന്റെ ജീവനാണ്. അവിടുന്ന് നമ്മിലേക്ക് വരുന്നു എങ്കിൽ സ്നേഹത്തിന്റെ ആത്മാവ് എന്ന നിലയിലാണ് വരുന്നത്.

ദൈവം സ്നേഹം ആകുന്നു. ആ സ്നേഹം ക്രിസ്തുവിലേക്ക് മാത്രമല്ല, ദൈവ സ്നേഹം ഉൾക്കൊള്ളുവാൻ കഴിയുന്ന തന്റെ സകല സൃഷ്ടികളുടെ മേലും വേണ്ടുവോളം പകരപ്പെടുന്നതത്രേ ആ സ്നേഹം.

ദൈവം ദൂതന്മാരെയും മനുഷ്യനെയും സൃഷ്ടിച്ചു. അവർ ദൈവത്തോട് കൂട്ടായ്മ ആചരിച്ച് സന്തോഷിക്കേണ്ടതിന് അവരുടെ മുഴു ജീവിതവും പകർന്ന് നിറയ്ക്കത്രേ ചെയ്യുന്നത്.

മനുഷ്യന് വീഴ്ച ഭവിച്ചപ്പോൾ, മനുഷ്യനിൽ പകർന്ന ദൈവസ്നേഹത്തെ അവന്റെ പാപം ഇരുട്ടാക്കിക്കളഞ്ഞപ്പോൾ ദൈവം എന്താണ് ചെയ്തത്? തകർന്നുപോയ ആ കൂട്ടായ്മയെ പുന:സ്ഥാപിക്കാൻ സ്വന്ത പുത്രനെ നമുക്കായി മരണത്തിന്നേൽപിച്ചു.

ഈ വീഴ്ച ഭവിച്ച ലോകത്തിലേയ്ക്ക് ദൈവം തന്റെ പുത്രനെ ഒരു പുതിയ പദ്ധതിയിലൂടെ നൽകി. മനുഷ്യനോടുള്ള തന്റെ സ്നേഹത്തെ തെളിയിക്കുവാൻ തന്റെ പുത്രനെ ജഡത്തിൽ നമുക്കു വേണ്ടി നൽകി. പുത്രനോടു കൂടെ തന്റെ ജീവൻ നമുക്കു നൽകി. തന്റെ സന്തോഷം, തന്റെ മഹത്വം, തന്റെ വിശുദ്ധി, തന്റെ ശക്തി, തന്റെ അനുഗ്രഹങ്ങൾ എല്ലാം ക്രിസ്തുവിൽ നമുക്കു നൽകി.

പാപം വന്നപ്പോൾ അത് സ്നേഹത്തെ നശിപ്പിച്ചു. എത്ര വേഗത്തിലാണ് തന്റെ കുറ്റം സ്ത്രീയിലേക്ക് ചുമത്തിയത്; എത്ര വേഗത്തിലാണ് കയീൻ ഹാബേലിനെ കൊന്നത്. എത്ര വേഗത്തിലാണ് ലോകം മുഴുവൻ ദുഷ്ടതയാൽ നിറഞ്ഞത്. അതുമുതൽ ലോകം മുഴുവൻ വിഭാഗീയതയും പ്രശ്നങ്ങളുമുണ്ടായി; പാപവും അനീതിയുമുണ്ടായി.

സ്നേഹം ഇല്ലാതെയായി. സ്നേഹത്തിന്റെ ഉദാഹരണങ്ങൾ പറയാനുണ്ടായേക്കാം; ജാതികളും പലപ്പോഴും തമ്മിൽ തമ്മിൽ സ്നേഹിക്കുന്നുണ്ടല്ലോ. അവയെല്ലാം നഷ്ടപ്പെട്ടുപോയ സ്നേഹത്തിന്റെ അവശിഷ്ടങ്ങൾ മാത്രമാണ്.

പാപത്തിന്റെ ഫലമായി സ്വാർത്ഥതയുണ്ടായി, സ്വാർത്ഥതയ്ക്ക് സ്നേഹിക്കാൻ കഴികയില്ല. സ്വാർത്ഥതയ്ക്കും ചിലത് ചെയ്യാൻ കഴിയും. അതിനെ സ്നേഹം എന്നും വിളിച്ചേയ്ക്കാം. എന്നെ സന്തോഷിപ്പിക്കാനോ പ്രീതിപ്പെടുത്താനോ ഞാൻ മറ്റൊരു വ്യക്തിയെ സ്നേഹിപ്പാൻ നയിക്കപ്പെട്ടേയ്ക്കാം, എന്നാൽ അത് യഥാർത്ഥ സ്നേഹമല്ല. എന്നാൽ യഥാർത്ഥസ്നേഹം സ്വാർത്ഥതയില്ലാത്ത സ്നേഹം, അത് യോഗ്യതയില്ലാത്തവനെ സ്നേഹിക്കുന്നു. സ്നേഹിക്കാത്തവനെ സ്നേഹിക്കുന്നു. പാപത്താൽ നഷ്ടപ്പെട്ടവനെ സ്നേഹിക്കുന്നു.

യേശു ദൈവസ്നേഹത്തിന്റെ വെളിപ്പാട്

ഈ സ്നേഹത്തെ തിരികെത്തരുവാനത്രേ യേശു വന്നത്. ദൈവസ്നേഹത്തിന്റെ വെളിപ്പാട് എന്ന നിലയിലാണ് യേശു വന്നത്. പിതാവിന്റെ അടുക്കൽ പോകുന്നു എന്ന് അറിഞ്ഞിട്ട് ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ച് അവർക്കുവേണ്ടി മരിച്ചു. ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചതുപോലെ അവസാനത്തോളം അവരെ സ്നേഹിച്ചു (യോഹ. 13:1).

ശിഷ്യന്മാരോടൊപ്പമുള്ള ക്രിസ്തുവിന്റെ ജീവിതം തന്നെ ഒരു സ്നേഹമായിരുന്നു. തന്റെ സ്വാധീനം വ്യക്തിപരമാണ്. പന്തിരുവരോടുള്ള യേശുവിന്റെ ബന്ധം ഒരു സ്നേഹമായിരുന്നു. സ്നേഹിപ്പാൻ അവരോട് ആവശ്യ

(ശേഷം 4-ാംപേജിൽ)

സഭ മുട്ടിന്മേൽ നില്ക്കേണ്ടതാണ്

By A.M.Hills

ഇത് സാർവ്വലൗകികമായ തിന്മയുടെ കാലം, ഏകദേശം എല്ലാധാർമ്മിക നിയമങ്ങളും മനസാക്ഷിയില്ലാതെ ലംഘിക്കപ്പെടുന്ന കാലഘട്ടം, അങ്ങനെയുള്ള കാലഘട്ടത്തിലാണ് ക്രിസ്തു സഭ ജനിക്കുന്നത്.

അന്ന് ശിഷ്യന്മാർക്ക് സാമ്പത്തിക പശ്ചാത്തലമില്ല, സാമൂഹിക പദവികളില്ല,, അഭിമാനിക്കാനുള്ള കാര്യങ്ങളില്ല, ആരെയും സഹായിക്കാനില്ല. അവർ അവരിൽ തന്നെ വെറുക്കപ്പെട്ടവരും ക്ഷീണിച്ച ഒരു ആട്ടിൻ കൂട്ടവുമായിരുന്നു. പ്രത്യേക സ്വാധീനങ്ങളില്ല, പ്രത്യേക കഴിവുകളില്ല, വിദ്യാഭ്യാസമില്ല, കൊണ്ടു നടക്കുവാനോ വായിക്കുവാനോ പുതിയ നിയമമോ പഴയനിയമമോ ക്രിസ്തീയ സാഹിത്യങ്ങളോ ആയ ബുക്കുകളില്ല, ആരാധനയ്ക്കായി ഒരു ക്രിസ്തീയ ഭവനം പോലുമില്ല.

ലോകമോടികളും, ലോകത്തിന്റെ രീതികളും പൊതുതാൽപര്യങ്ങളുമെല്ലാം അവർക്ക് എതിരായിരുന്നു. അവർ വെറുക്കപ്പെട്ടവരും അധിഷേധിക്കപ്പെട്ടവരും ഉപദ്രവിക്കപ്പെട്ടവരുമായി നാടുകടത്തപ്പെട്ടവരും മരണത്തിന് ഏല്പിക്കപ്പെട്ടവരുമൊക്കെയായിരുന്നു.

എന്നാൽ അവരുടെ ഉള്ളിൽ വസിക്കുന്ന രക്ഷകന്റെ ശക്തമായ സഹായം അവർക്കുണ്ടായിരുന്നു. ഈ ലോകത്തിന്റെ അധിപതിയായവന്റെ തന്ത്രങ്ങളെ മുഴുവനും പരാജയപ്പെടുത്തി പോരാടി നില്പാൻ ആവശ്യമായ പരിശുദ്ധാത്മാവിന്റെ ശക്തി അവരിലുണ്ടായിരുന്നു. അതുകൊണ്ട് അവർ അത്യന്തം വർദ്ധിച്ചുപെരുകി. ആ പരിശുദ്ധാത്മശക്തി ഇന്നത്തെ സഭകളിൽ വ്യാപരിച്ചിരുന്നെങ്കിൽ കുറഞ്ഞ വർഷങ്ങൾകൊണ്ട് ദേശത്തെ ദൈവത്തിനായി നേടുവാൻ കഴിയുമായിരുന്നു. ആത്മഭാരത്തോടെ വേലചെയ്യുന്ന ദൈവഭക്തന്മാരുണ്ട്, ദൈവത്തിന്റെ പരിശുദ്ധാത്മാശക്തിയുമുണ്ട്. എന്നാൽ അതില്ലാതിരുന്നാൽ ഒന്നും നേടുവാൻ സാദ്ധ്യമല്ല. ഒന്നാം നൂറ്റാണ്ടിൽ പരിശുദ്ധാത്മാവിന്റെ ശക്തിയാലും ഉത്സാഹമുള്ള വേലക്കാരാലും സഭ ശക്തിയോടെ വളർന്നു.

ചാൽസ് സ്പർജൻ പറഞ്ഞത്, പരിശുദ്ധാത്മാവിന്റെ ശക്തി നമുക്കില്ലെങ്കിൽ പള്ളികൾ അടച്ചിടുകയാണ് നല്ലത്. കതകുകൾക്ക് ആണി വച്ചിട്ട് അതിന്മേൽ ഒരു കറുത്ത കുരിശ് വച്ചിട്ട് കർത്താവേ കരുണ കാണിക്കണമേ എന്ന് കരഞ്ഞു കൊണ്ടിരിക്കയാണ് നല്ലത്. പ്രിയ ശുശ്രൂഷകന്മാരേ പരിശുദ്ധാത്മാവ് നിങ്ങളിൽ ഇല്ലെങ്കിൽ നിങ്ങൾ പ്രസംഗിച്ചിട്ട് കാര്യമില്ല, മറ്റുള്ള ജോലികൾ തേടുകയാണ് വേണ്ടത്. ഞാൻ വിശ്വസിക്കയും ശക്തമായി സംസാരിക്കയും ചെയ്യുന്നത്, സഭകളിൽ ദൈവത്തിന്റെ ആത്മാവിന്റെ പ്രവൃത്തി നടക്കുന്നില്ലെങ്കിൽ അനുഗ്രഹത്തിന് പകരം ശാപം മാത്രമേ ഉണ്ടാവുകയുള്ളൂ.

പരിശുദ്ധാത്മാവിന്റെ ശക്തിയില്ലാത്ത സുവിശേഷീകരണവും ആത്മീയ ശുശ്രൂഷയും വെറും സാഹസികതമാത്രമാണ്. എന്നാണ് എസ്.എ. കീൻ പറയുന്നത്. യേശുവിന്റെ ശുശ്രൂഷ വെറും സാഹസികം ആയിരുന്നില്ല. പിന്നെയോ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ആയിരുന്നു യേശുവിന്റെ ശുശ്രൂഷ മുഴുനും (ലൂക്കോ. 3:21,22). യേശു തന്റെ ശിഷ്യന്മാരെ ശുശ്രൂഷയ്ക്കായി ഒരുക്കുമ്പോൾ സാഹസികമായിട്ടല്ല അവരെ പഠിപ്പിച്ചത്, പിന്നെയോ പരിശുദ്ധാത്മാവിലും ശക്തിയിലും ആശ്ര

(ശേഷം 8-ാം പേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം. “നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ പകെക്കുന്നവർക്കു ഗുണം ചെയ്വിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ. നിങ്ങളെ ദുഷിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ” (ലൂക്കോ. 6:27, 28)

2018-ാം വർഷത്തിന്റെ ഫെബ്രുവരി മാസം നമ്മെ വിട്ട് കടന്നുപോയി. മാർച്ച് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു. പ്രത്യാശയോടെ അവങ്കലേക്ക് നോക്കുന്ന ഓരോ പൈതലിനെയും സർവ്വ ആശ്വാസത്തിന്റെയും ദൈവം ഒരിക്കലും തള്ളിക്കളയുന്നില്ല. നമ്മുടെ ഹൃദയത്തിൽ ആശ്വാസം ലഭ്യമാക്കിയിട്ടുള്ള നമ്മെക്കൊണ്ടു ആവശ്യത്തിൽ ഇരിക്കുന്ന മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ തക്ക ഒരു ഉപകരണമായി ഉപയോഗിക്കാൻ കർത്താവ് ആഗ്രഹിക്കുന്നു.

പ്രതികൂലങ്ങളെയും സങ്കടങ്ങളെയും ഉറപ്പോടും ധൈര്യത്തോടും കൂടെ നേരിടാൻ കർത്താവ് നിങ്ങൾക്ക് കൃപ തരും. കർത്താവിൽ സമ്പൂർണ്ണമായി ആശ്രയിക്കുക. അവന്റെ നാമ മഹത്വത്തിനു വേണ്ടി നിങ്ങളുടെ ജീവിതത്തെ സമ്പൂർണ്ണമായി സമർപ്പിക്കുവാൻ നിശ്ചയമായും ദൈവം നിങ്ങൾക്കു കൃപ നൽകും.

സ്നേഹത്തോടെയുള്ള പ്രാർത്ഥനകളിൽ മാത്രമേ കർത്താവ് പ്രസാദിക്കുകയുള്ളൂ അവന് മാത്രമേ അവരുടെ കുറവുകൾ പരിഹരിക്കാൻ കഴികയുള്ളൂ. സമാധാനത്താൽ നിറയപ്പെട്ട സന്തോഷകരമായ ഒരു ജീവിതം ദൈവം നമുക്ക് സമ്മാനിക്കും.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ ***IFSC code SBIN 0070028 A/c. No. 67342839891*** *സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

പരിശുദ്ധാത്മാവിന്റെ പ്രകൃത്യാതീതമായ ശക്തി നമുക്കാവശ്യം

By Fred D. Jarvis

ഏറ്റവും മോശമായ ഒരു കാലഘട്ടത്തിലാണ നാം ജീവിക്കുന്നത്. ലോകത്തിന്റെ ഇന്നതെത പ്രശ്നം സാമ്പത്തികമോ, രാഷ്ട്രീയമോ, സാമൂഹികമോ, പ്രാകൃതിപരമായതോ, വിദ്യാഭ്യാസപരമായ കാര്യങ്ങളോ അല്ല. മനുഷ്യന്റെ പ്രശ്നം ആത്മീകമാണ്. ഈ സമയം നാം ചോദിക്കേണ്ട ചോദ്യം, ധാർമ്മികമായി അധ:പതിച്ച പാപപങ്കിലമായ ഈ തലമുറയെ ദൈവത്തിങ്കലേയ്ക്ക് എങ്ങനെ മടക്കി വരുത്താം എന്നതാണ്. ദൈവശക്തിയുടെ വഴിയെ, വിജയത്തിന്റെ രഹസ്യത്തെ വിശ്വാസത്തിന്റെ അത്യന്തശക്തിയെ, സമൃദ്ധിയായ നിത്യ ജീവിതത്തെ അന്വേഷിക്കാനുള്ള ഏറ്റവും അത്യാവശ്യമായ സമയമാണിത്. വഴിയെ പരിശോധിച്ച് ദൈവത്തിന്റെ വഴിയിലാണോ യാത്ര എന്ന് ഉറപ്പ് വരുത്തുകയാണ് വേണ്ടത്. സഭ ഉണരുവാനുള്ള സമയമാണിത്. യേശു വേഗം വരുന്നു. ദൈവത്തിന്റെ പദ്ധതികൾ പൂർണ്ണമാവുന്നു.

ദൈവമുഖം തേടുവാനും അവിടുത്തെ ശബ്ദം കേൾപ്പാനും അവിടുത്തെ ഇഷ്ടത്തിന് നമ്മെ സമർപ്പിപ്പാനുമുള്ള സമയമത്രേ. മതിൽകെട്ടി ഇടിവിൽ നില്പാനായി മനുഷ്യനെ ദൈവം അന്വേഷിക്കുന്ന സമയം . ആത്മാവിന്റെ ശക്തിയാൽ നിറഞ്ഞ് അധികാരത്തോടെ സംസാരിക്കുന്ന ആളുകളെ ദൈവം അന്വേഷിക്കുന്നു. ഈ കാലഘട്ടത്തിൽ ദൈവത്തെ സ്പർശിക്കപ്പെട്ട അധികാരം പ്രാപിച്ച ആളുകളെ നമുക്കാവശ്യം. നമ്മുടെ ദൈവം ജീവിക്കുന്നു! അവിടുന്ന് ശക്തിയുള്ള ദൈവം!

ദൈവത്തിന്റെ ആത്മികവും, ധാർമ്മികവുമായ നിയമങ്ങളുമായി എങ്ങനെ നാം താദാത്മ്യപ്പെടണം എന്നു നാം പഠിക്കണം. ദൈവം വച്ചിരിക്കുന്ന ദൈവത്തിന്റെ വഴിയിൽ നടക്കുന്ന ആളുകളെയാണ് നമുക്കാവശ്യം. അപ്പോൾ ആളുകളും ആ വഴിയിൽ നടന്ന് ദൈവത്തിന്റെ ഇഷ്ടം ചെയ്യും. ലോകത്തിന് അങ്ങനെയുള്ളവരെ ആവശ്യമുണ്ട്. ദൈവത്തിന്റെ മഹത്വത്തിനായി ശ്രേഷ്ടമേധാവിയായ യേശുവിന്റെ കല്പനയനുസരിച്ച്, ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ച് വിലകൊടുത്തു പോരാടുവാൻ തയ്യാറുള്ള ആളുകളെ ദൈവം അന്വേഷിക്കുന്നു.

അവിടെ കുറുക്കു വഴികളില്ല, ആത്മീയ വിലപേശലുകളില്ല. " നാം നമ്മെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് ദൈവമുഖം അന്വേഷിച്ച് നമ്മുടെ പാപവഴികൾ വിട്ടൊഴിയണം". (2കൊരി. 7:14). അത് ഒരു ആത്മീക ഉണർവ്വിന് കാരണമാക്കുകയും പാപത്തിന്റെ കടന്നു കയറ്റങ്ങളെ തടയുവാനും സഹായിക്കും.

മറ്റെല്ലാറ്റെക്കാളും അധികം നമുക്ക് ആവശ്യമായിരിക്കുന്നത് പരിശുദ്ധാത്മാവിന്റെ ഒരു ചലനമാണ്. ധാർമ്മികാധപതനങ്ങൾക്ക് പരിഹാരം ആത്മിക ഉണർവ്വാണ്. പരിശുദ്ധാത്മാവിന്റെ പകർച്ചയെന്നത്1 അനുഗ്രഹത്തിന്റെ താക്കോലാണ്. അതില്ലെങ്കിൽ എല്ലാം നിശ്ചലമാവും. ദൈവത്തിൽ നിന്നുള്ള ഉണർവ്വാണ് ഇന്ന് നമുക്കാവശ്യമായിരിക്കുന്നത്. 119-ാം സങ്കീർത്തനത്തിൽ ഒൻപത് പ്രാവശ്യം സങ്കീർത്തനക്കാരൻ ഉണർവ്വിനുവേണ്ടി ചോദിക്കുന്നു. അതു തന്റെ അന്വേഷണവും ആവശ്യവുമാണ്. അന്ന് അത് തനിക്ക് ആവശ്യമായിരുന്നു എങ്കിൽ ഇന്ന് നമുക്ക് എത്രയധികം!

പ്രകൃത്യാതീതമായ ശക്തിയുടെ ആവശ്യം

നമ്മുടെ ഏറ്റവും വലിയ ആവശ്യം ദൈവശക്തിയാണ്. ദൈവശക്തിയെ സംബന്ധിച്ച് വേദപുസ്തകം വളരെ സംസാരിക്കുന്നുണ്ട്. "ബലം ദൈവത്തിനുള്ളതത്രെ" (സങ്കീ. 62:11). പൗലൊസ് സംസാരിച്ചത് വെറും വാക്കുകളാലല്ല പിന്നെയോ ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും കൂടെയായിരുന്നു. (1തെസ്സ. 1:5). കർത്താവു പറഞ്ഞത് "സൈന്യത്താലല്ല, ശക്തിയാലല്ല, എന്റെ ആത്മാവിനാലത്രേ എന്നാണ്" യേശു, ആത്മാവിന്റെ ശക്തിയോടെ ഗലീലയ്ക്ക് മടങ്ങിച്ചെന്ന് (ലൂക്കൊ. 4:14). അപ്പോസ്തലന്മാർ മഹാശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുദ്ധാനത്തിന് സാക്ഷ്യം പറഞ്ഞുവന്നു. എല്ലാവർക്കും ധാരാളം കൃപ ലഭി

(ശേഷം 7-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

പരിശുദ്ധാത്മാവിനെ ക്കൊണ്ടാണ് ദൈവം തന്റെ പ്രവൃത്തി ചെയ്യുന്നത്

By A.W.Tozer

ദൈവത്തിന്റെ വിശുദ്ധി തിരുവെഴുത്തികളിൽ പരിശുദ്ധാത്മാവിനുള്ള സ്ഥാനവും ഇന്നത്തെ ക്രിസ്തീയ സഭളിൽ പരിശുദ്ധാത്മാവിനുള്ള സ്ഥാനവും തമ്മിൽ വലിയ അന്തരമുണ്ട്.

തിരുവെഴുത്തുകളിൽ പരിശുദ്ധാത്മാവ് ഒരു അത്യാവശ്യഘടകമാണ്. എന്നാൽ ഇന്ന് അത് ഒരു അലങ്കാര ഘടകം മാത്രമാണ്. തിരുവെഴുത്തുകളിൽ പരിശുദ്ധാത്മാവ് ശക്തിയോടും സൃഷ്ടിപരവുമായി പ്രവർത്തിക്കുന്നു, ഇന്ന് വെറും ഈണവും ഭംഗിയും നൽകുന്ന ഒരു സ്വാധീനം മാത്രം. അവിടെ പരിശുദ്ധാത്മാവിന്റെ അടിസ്ഥാനഗുണങ്ങളോടെ അധികാരത്തിലും ശക്തിയിലും പ്രവർത്തിക്കുന്നു. ഇന്ന് ഒരു നല്ല അനുഭവം മാത്രം.

തിരുവചനപ്രകാരം സൃഷ്ടിയിലും വീണ്ടെടുപ്പിൻ വേലയിലുമെല്ലാം ദൈവം പ്രവർത്തിച്ചത് പരിശുദ്ധാത്മാവിനാലായിരുന്നു. ലോകത്തിന്റെ ഭൂമിയുടെ സംവിധാനങ്ങളുടെ ക്രമീകരണത്തിനു മുമ്പ് ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രവർത്തിച്ചു കൊണ്ടിരുന്നതായി കാണുന്നു. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം അവിടെ ഒരു അത്യാവശ്യഘടകം ആയിരുന്നു. വേദപുസ്തകത്തിലുടനീളം ജീവൻ കൊടുക്കുന്ന ശക്തിയായി പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു. പരിശുദ്ധാത്മാവ് ദൈവം എന്ന നിലയിലും ജീവദായകൻ എന്ന നിലയിലും പ്രവർത്തിക്കുന്നു. മർമ്മമായി പ്രവർത്തിക്കുന്ന യേശുക്രിസ്തുവിന്റെ ജഡാവതാരത്തിലും പരിശുദ്ധാത്മാവിന്റെ വ്യക്തമായ പ്രവർത്തി കാണാം. പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും'' (ലൂക്കോ1:35).

നമ്മുടെ കർത്താവ് ദൈവാധിദൈവവും കർത്താധികർത്താവും ആയവൻ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യുപ്പെടുന്നതുവരെ തന്റെ പ്രവൃത്തി ആരംഭിച്ചില്ല (ലൂക്കൊ. 3:21-23; 4:1-15; അ.പ്ര. 10:58). ദൈവപുത്രൻ പ്രവർത്തിക്കുന്നത് ആത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടവൻ എന്ന നിലയ്ക്കാണ്. തനിക്ക് ലഭിച്ചത് പരിശുദ്ധാത്മാവിൽ നിന്നാണ്.

അപ്പോസ്തല പ്രവൃത്തികൾ എന്ന പുസ്തകത്തിന് വേദപണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്ന ഏറ്റവും നല്ല പേര് എന്നത് പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ എന്നാണ്. ദൈവത്താൽ ഉപയോഗിക്കപ്പെട്ട ശക്തന്മാരായ അപ്പോസ്തലന്മാരാൽ നടന്ന കാര്യങ്ങളാണ് അവിടെ വിവരിക്കുന്നതെങ്കിലും പരിശുദ്ധാത്മാവ് അവരിലൂടെ പ്രവർത്തിച്ചില്ലായിരുന്നു എങ്കിൽ അവർക്ക് ഒന്നും നേടുവാൻ കഴിയുമായിരുന്നില്ല.

നിശ്ചയമായും ദൈവം അപ്പോസ്തലന്മാരെകൊണ്ട് ചെയ്യിച്ച കാര്യങ്ങൾ ഒന്നും അവർക്ക് സ്വതവേ ചെയ്യാൻ കഴിയുന്ന കാര്യങ്ങളായിരുന്നില്ല. കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞത് ''ഉയരത്തിൽ നിന്നും ശക്തി ലഭിക്കുവോളം നഗരത്തിൽ പാർപ്പിൻ'' (ലൂക്കോ. 24:49) എന്നാണ്.

തന്റെ സഭയ്ക്ക് ദൈവം കല്പിച്ചിരിക്കുന്ന ഏക ശക്തി പരിശുദ്ധാത്മാവിന്റെ ശക്തിയാണ്. എന്നാൽ ഇന്ന് ഭൂരിപക്ഷം സഭകളിലും അധികാരം നടത്തുന്നത്. മനുഷ്യന്റെ ശക്തിയത്രേ.

ദൈവം പരിശുദ്ധാത്മാവിനാലാണ് തന്റെ പ്രവൃത്തി ചെയ്യുന്നത്. അപ്പോൾ തന്നെ ക്രിസ്തീയ നേതാക്കന്മാർ തങ്ങളുടെ പ്രവൃത്തി ചെയ്യുന്നത് പരിശീലിപ്പിക്കട്ട ബുദ്ധിമാൻമാരെക്കൊണ്ടാണ്. പരിശുദ്ധാത്മാവിന്റെ ശക്തിക്കു പകരം വ്യക്തിത്വവും കഴിവുകളുമാണ് ഇവിടെ പരിഗണിക്കപ്പെടുന്നത്.

മനുഷ്യൻ സ്വന്തബുദ്ധിയിലും സ്വന്ത കഴിവിലും ചെയ്യുന്ന കാര്യങ്ങൾ ഒരു സമയത്തേയ്ക്കുവേണ്ടിയുള്ളതാണ്. ഇപ്പോൾ അതിന് ഒരു മാനം ലഭിക്കുകമായിരിക്കാം, എന്നാൽ അത് നിത്യതയ്ക്ക് പ്രയോജനമുള്ളതല്ല. നിത്യമായ പരിശുദ്ധാത്മാവിനാൽ ചെയ്യുന്ന കാര്യങ്ങൾ മാത്രം നിത്യമായി നിലനില്ക്കും. '' മരം പുല്ല് വൈക്കോൽ തുടങ്ങിയ പണികൾ വെന്തുപോകും'' (1കൊരിയ 3:9-15). ❖

(1-ാം പേജിന്റെ തുടർച്ച)

ആത്മാവിന്റെ ഫലം സ്നേഹമാണ്

പ്പെട്ടു. തന്റെ ഐഹിക ശുശ്രൂഷയുടെ ഒടുവിൽ യേശു തന്റെ ശിഷ്യന്മാരോട് ഇങ്ങനെ പറഞ്ഞു. '' നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന പുതിയൊരു കല്പന ഞാൻ നിങ്ങൾക്ക് തരുന്നു '' (യോഹ. 13:34).

മറ്റെല്ലാ കല്പനകളിൽ നിന്നും ഈ കല്പന വ്യത്യസ്തമായിരിക്കുന്നു. ഈ കല്പനയിൽ അവർ എല്ലാവരും ഉൾപ്പെട്ടിരിക്കുന്നു. ഈ പുതിയ കല്പന ക്രിസ്തുവിനു മാത്രം നൽകാൻ കഴിയുന്ന കല്പനയാണ്. കാരണം അവിടുന്ന് ഒരു പുതിയ സ്നേഹത്തെ വെളിപ്പെടുത്തുകയും പരിശുദ്ധാത്മാവിനാൽ അവരുടെ ഹൃദയങ്ങളിൽ അതിനെ നൽകുകയും ചെയ്തു.

കാരണം പരിശുദ്ധാത്മാവിനെ ലോകത്തിലേയ്ക്ക് അയക്കണമായിരുന്നു. യേശു പറഞ്ഞു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം. നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലവരും അറിയും'' (യോഹ. 13:34,35).

രണ്ട് അദ്ധ്യായങ്ങൾക്കു ശേഷം നാം കർത്താവിൽ നിന്നും കേൾക്കുന്നത്, ''ഞാൻ നിങ്ങളെയും സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു എന്റെ കല്പന '' (യോഹ. 15:12). യേശു തന്റെ ഏറ്റവും ശ്രേഷ്ഠമായ പൗരോഹിത്യ പ്രാർത്ഥനയിൽ ഇങ്ങനെ പ്രാർത്ഥിച്ചു. നീ എന്നെ അയച്ചിരിക്കുന്നു എന്ന് ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന് പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന് തന്നെ. നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരേയും സ്നേഹിക്കുന്നു എന്ന് ലോകം അറിയുവാൻ നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനും ഞാൻ അവരിലും അവർ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിന് തന്നെ'' (യോഹ. 17:21-23).

നാം തമ്മിൽ തമ്മിൽ സ്നേഹിക്കുന്നതിലൂടെ ക്രിസ്തുവിൽ കൂടെയുള്ള ദൈവസ്നേഹത്തെ ലോകം അറിയേണം. ഒരു വിശ്വാസിയുടെ ഏറ്റവും ശ്രേഷ്ഠമായ അടയാളം അവൻ സ്നേഹിക്കുന്നു എന്നതാണ്.

വളരെ കുറച്ചു മാത്രമേ ലോകം അത് അറിയുന്നുള്ളൂ; സഭയും അത് അറിയേണ്ടും

(ശേഷം 5-ാം പേജിൽ)

(4-ാം പേജിന്റെ തുടർച്ച)

ആത്മാവിന്റെ ഫലം സ്നേഹമാണ്

വിധം അറിയുന്നില്ല; വളരെ കുറച്ചുമാത്രമേ അത് പ്രസംഗിക്കപ്പെടുന്നുള്ളൂ; ഹൃദയത്തിൽ സംഗ്രഹിച്ച് ചെയ്യേണ്ട ആ കാര്യം പ്രായോഗിക തലത്തിൽ വളരെ കുറച്ചു മാത്രമേ ചെയ്യുന്നുള്ളൂ. എന്നാൽ ദൈവത്തോട് നമുക്ക് ഇങ്ങനെ പറയാൻ കഴിയും. കർത്താവേ, ഞാൻ പ്രാർത്ഥിക്കുന്ന പ്രാർ ത്ഥന അവിടുന്ന് അറിയുന്നു, സ്നേഹത്താൽ എന്നെ നിറയ്ക്കേണമേ; ഒരു കാര്യം ഞാൻ ചിന്തിക്കുന്നു, എനിക്ക് എങ്ങനെ ആ സ്നേഹത്താൽ നിറയുവാൻ കഴിയും?

സ്നേഹം ലോകത്തിന് കൊടുക്കുവാൻ യേശു ലോകത്തിൽ വന്നു. യേശു കാൽവറിയിൽ മരിച്ചപ്പോൾ അത് നിറവേറ്റി. തന്റെ മരണം ഒരു വിജയവും ദൈവസ്നേഹത്തിന്റെ വെളിപ്പാടും ആയിരുന്നു. സ്നേഹത്തിൽ നടക്കുവാനും സ്നേഹത്തിൽ വസിക്കുവാനും ഇപ്പോൾ യേശു നമ്മെ വിളിക്കുന്നു. യേശു നമ്മോട് ആവശ്യപ്പെടുന്നത് ഒരുവൻ നമ്മെ വെറുത്താലും അവനെ നാം സ്നേഹിക്കണം എന്നാണ്.

സ്വർഗ്ഗത്തിലോ ഭൂമിയിലോ ഉള്ള യാതൊന്നിനും ദൈവസ്നഹത്തെ പരാജയപ്പെടുത്താൻ സാധ്യമല്ല. എത്ര മാത്രം അതിനെ വെറുക്കുന്നുവോ അത്രമാത്രം അത് വിജയിക്കുന്നു, അങ്ങനെ അതിന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടുന്നു. ഈ സ്നേഹമാണ് കർത്താവായ യേശു തന്റെ ശിഷ്യന്മാർക്ക് ആചരിപ്പാനായി കാണിച്ചു കൊടുത്തത്.

യോഹന്നാൻ തന്റെ ഒന്നാമത്തെ ലേഖനത്തിൽ പറയുന്നത്, അവൻ നമുക്കു വേണ്ടി തന്റെ പ്രാണ നെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്ത് എന്ന് അറിഞ്ഞിരിക്കുന്നു. നാമും സഹോദരന്മാർക്കു വേണ്ടി പ്രാണനെ വച്ചുകൊടുക്കേണ്ടതാകുന്നു '' (1യോഹ. 3:16). വളരെ ചുരുക്കം ആളുകളേ അത് മനസ്സിലാക്കുന്നുള്ളൂ.

ശിഷ്യന്മാരെ നോക്കൂ. പല പ്പോഴും അവരുടെയിടയിൽ താഴ്ചകൾ വന്നിട്ടുണ്ട്. ഒന്നിലധികം പ്രാവ ശ്യം ദൈവരാജ്യത്തിൽ വലിയവൻ ആരെന്ന് തർ ക്ക മുണ്ടായിട്ടുണ്ട്.

സ്നേഹത്തെ സംബന്ധിച്ച് അവർക്ക് അഹങ്കാരം ഉണ്ടായിരുന്നു. സ്നേഹം എന്നാൽ താഴ്മയാണ്. സ്നേഹം പറയുന്നത് ഞാൻ ആയിരിക്കുന്നതു തന്നെ മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി യാണ്. സ്നേഹത്തിന് സ്വാർത്ഥനായിരിപ്പാൻ സാദ്ധ്യമല്ല. യേശു സ്നേഹിച്ചതുപോലെ അത് സ്നേഹിക്കുന്നു. ശിഷ്യന്മാരെ ഉദാഹരണമായി എടുക്കുമ്പോൾ അവർ എത്ര ജഡപ്രകൃതിയുള്ളവരെന്ന് കാണാം. ഉന്നതമായ ഒരു ജീവിതനിലവാരത്തിന് അവർ യോഗ്യരല്ല; പരിശുദ്ധാത്മാവു വരുന്നതുവരെ അവർക്ക് അത് സാദ്ധ്യവുമല്ല.

പരിശുദ്ധാത്മാവ് സ്വർഗ്ഗീയ സ്നേഹത്തെ മനുഷ്യരിലേക്ക് കൊണ്ടു വരുന്നു.

യേശുക്രിസ്തു ലോകത്തിൽ സ്നേഹത്തെ വെളിപ്പെടുത്തി, വീണ്ടെടുപ്പിൻവേലയെ പൂർത്തിയാക്കി. നമ്മു ടെ ഹൃദയങ്ങളിൽ അവിടുത്തെ സ്നേഹത്തെ പകർന്നു തരുവാൻ പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നു.

പെന്തെക്കോസ്തുനാളിൽ യേശുക്രിസ്തുവിന്റെ ജീവനും സ്നേഹവും ശിഷ്യന്മാരുടെ ഹൃദയത്തിലേയ്ക്ക് പകർന്നു കൊടുത്തു. അങ്ങനെ പത്രൊസിന് യേശുക്രിസ്തുവിന്റെ ആത്മാവിൽ സംസാരിപ്പാനിടയായി.

ശിഷ്യന്മാർ തമ്മിൽ തമ്മിൽ സ്നേഹിപ്പാൻ മാത്രമല്ല പഠിച്ചത്, പിന്നെയോ ശത്രുക്കളെയും അവർ സ്നേഹിച്ചു. അവരുടെ സംസാരിത്തിൽ അവർ ധൈര്യമുള്ളവരായിരുന്നു, കാരണം പെന്തെക്കോസ്തുനാളിലെ പരിശുദ്ധാത്മാവിന്റെ ശക്തി അവർക്കു ധൈര്യം പകർന്നു കൊടുത്തു. അത് ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെ സ്നേഹമായിരുന്നു. ആ സ്നേഹം അവരെ സ്വന്തമാക്കിയിരുന്നു. ആ സ്നേഹം അവരുടെ ഭയത്തെ അതിജീവിക്കുന്ന സ്നേഹം ആയിരുന്നു.

ഇത് വെറും ഒരു രൂപാന്തരം മാത്രമല്ലായിരുന്നു. അപ്പോസ്തലപ്രവൃത്തികൾ 2-ഉം 4-ഉം അദ്ധ്യായങ്ങളിൽ ''വിശ്വാസികൾ ഒരു ഹൃദയവും ഒരു മനസ്സും ഉള്ളവരായിരുന്നു. അവർ മൂന്ന് വർഷക്കാലം യേശുവിനോടുകൂടെ നടന്നു ''.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആ സ്വർഗ്ഗീയ സ്നേഹത്തെ ശിഷ്യന്മാർക്കു പകർന്നു കൊടുത്തു, നമുക്കും പകർന്നു തരുവാൻ വേണ്ടി. മൂന്ന് വർഷം യേശു അവരോട് സംസാരിച്ചുകൊണ്ടിരുന്നു. യേശു ചെയ്ത പ്രവൃത്തി അവരും ചെയ്യുവാൻ വേണ്ടി ദൈവ സ്നേഹം അവരുടെ ഹൃദയങ്ങളിൽ നൽകി, പരിശുദ്ധാത്മാവിനെയും പകർന്നുകൊടുത്തു.

ദൈവത്തിന്റെ പരിശുദ്ധാത്മാവിനായി കാത്തിരുന്ന് നമ്മെ സമർപ്പിച്ചാൽ അവിടുന്ന് ദൈവസ്നേഹത്താൽ നമ്മെ നിറയ്ക്കും. ഗലാ. 5:22-ൽ വായിക്കുന്നത് ''ആത്മാവിന്റെ ഫലം സ്നേഹമാണ് ''.

സ്നേഹം എല്ലാ കൃപകളുടെയും കിരീടം

നമ്മുടെ അനുദിന ജീവതത്തിലും ഇടപെടലുകളിലും ആത്മാവിന്റെ ഫലം സ്നേഹമാണ്. സ്നേഹത്തിൽ നിന്നും എല്ലാ കൃപകളും സ്വഭാവഗുണങ്ങളും വരുന്നു. സന്തോഷം, സമാധാനം, ദീർഘക്ഷമ, പരോപകാരം നന്മ എന്നിവയിലൂടെ സ്നേഹം വെളിപ്പെടുന്നു. ഒരുവനിൽ സ്നേഹമുണ്ടെങ്കിൽ മുറിവുണ്ടാകുന്നതോ കഠിനമായിട്ടുള്ളതോ ആയ സ്വഭാവം ഉണ്ടായിരിക്കുകയില്ല, മറ്റുള്ളവരുമായിട്ടുള്ള ഇടപാടുകളിൽ ദയയില്ലായ്മയോ സ്വാർത്ഥനായോ കാണിക്കയില്ല. പകരം ദൈവമുമ്പാകെയും മനുഷ്യരുടെ മുമ്പാകെയും സൗമ്യതയുള്ളവരായിരിക്കും.

'' സന്തോഷം, സമാധാനം, ദയ, പരോപകാരം എന്നിവയാണ് സ്നേഹത്തിന്റെ സ്വഭാവഗുണങ്ങൾ ''. കൊലൊ. 3:12-ൽ വിശ്വാസികളെ പ്രബോധിപ്പിക്കുന്നത്. ''അതുകൊണ്ട് ദൈവത്തിന്റെ വ്യതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ട് നമ്മിൽ പലർക്കും എഴുതുവാൻ അവസരം കിട്ടിയാൽ മനുഷ്യന്റെ സ്വഭാവഗുണങ്ങൾക്ക് മുൻഗണന കൊടുക്കുമായിരുന്നു. എന്നാൽ ഇവയെല്ലാം സ്വർഗ്ഗീയ അനുഗ്രഹങ്ങളാണ്. ജാതീയലോകത്തിൽ ഇവ കാണുവാൻ സാദ്ധ്യമല്ല. നമ്മെ പഠിപ്പിക്കുവാൻ യേശു സ്വർഗ്ഗത്തിൽ നിന്നും വരണമായിരുന്നു.

നമ്മുടെ അനുഗ്രഹം എന്ന് പറയുന്നത് ദീർഘക്ഷമ, സൗമ്യത, ദയ എന്നിവയാണ്. നമ്മുടെ മഹത്വം എന്നത് ദൈവ മുമ്പാകെയുള്ള താഴ്മയാണ്. ആത്മാവിന്റെ ഫലം അവിടുന്ന് സ്വർഗ്ഗത്തിൽ നിന്നും കൊണ്ടുവന്നു, ക്രൂശിക്കപ്പെട്ട യേശുവിന്റെ ഹൃദയത്തിൽ നിന്നും വന്നു. അവിടുന്ന് അതിനെ നമ്മുടെ ഹൃദയങ്ങളിൽ പകർന്നു തന്നു. ആ പരിശുദ്ധാത്മാവിന്റെ ശക്തി നാം ആഗ്രഹിക്കുന്നുവെങ്കിൽ നാം നമ്മെത്തന്നെ ത്യജിച്ച് സ്വാർത്ഥത ഉപേക്ഷിച്ച് ആ സ്നേഹത്തിന്റെ ജീവിതം നയിക്കണം.

ദു:ഖകരമായ വസ്തുത എന്നത് സഭയിലെ ഭിന്നതക

(ശേഷം 6-ാംപേജിൽ)

(5-ാം പേജിന്റെ തുടർച്ച)

ആത്മാവിന്റെ ഫലം സ്നേഹമാണ്

ളാണ്. കർത്താവായയേശു ക്രിസ്തു ഐക്യതയോടിരിപ്പാൻ, ഒന്നായിതീരാൻ നമുക്കു തന്ന ആ വിലയേറിയ സത്യം ഉപേക്ഷിച്ചിട്ട് പലപ്പോഴും ഭിന്നതകളും പക്ഷഭേദങ്ങളുമായിട്ടത്രേ ആയിരിക്കുന്നത്.

കർത്താവിന്റെ അത്താഴം ഈ ചെറിയ വാക്കുകളെ തന്നെ ആളുകൾ വിവിധനിലകളിത്രേ കാണുന്നത്. ഇത് എന്റെ ശരീരം കർത്താവിൽ ഒന്നായിത്തീരുന്ന ആ അനുഭവത്തിന്റെ മുദ്രയും അതിന്റെ ഉന്നതമായ അധികാരത്തേയും വളരെ വിലകുറച്ചത്രേ കാണുന്നത്. നമ്മുടെ ഉപദേശങ്ങളും വിശ്വാസപ്രമാണങ്ങളുമാണ് സ്നേഹത്തെക്കാൾ വലുതായിക്കാണുന്നത്. ഈ കാര്യങ്ങളെ നാം ഗൗരവമായി കാണേണ്ടതാണ്. നാം പ്രാധാന്യം കൊടുക്കുന്ന ഒന്നാമത്തെ കാര്യം സ്നേഹം, സന്തോഷം, സമാധാനം, സൗമ്യത, തുടങ്ങിയവയ് ക്കായിരിക്കണം.

പലപ്പോഴും നാം ചിന്തിക്കുന്നത് നാം സത്യത്തിന്റെ വഴിയിലാണ് എന്നാണ്. എന്നാൽ സ്നേഹത്തിൽ സത്യം സംസാരിക്കണം എന്ന സ ത്യത്തെ പലപ്പോഴും മറന്നു കളയുകയും ചെയ്യുന്നു. ദൈവത്തിന്റെ വേല ചെയ്യു ന്ന സുവിശേഷീകരണ യത്നങ്ങളിൽ പോലും ഭിന്നതകളും മടിയുമൊക്കെയത്രേ കാണാൻ കഴിയുന്നത്. വ്യത്യസ്തമായ ചിന്താഗതികളും അഭിപ്രായങ്ങളും അസൂയയിലേക്ക് മത്സരങ്ങളിലേക്കും നയിച്ചിട്ട് സ്നേ ഹം തണുത്തു പോകുന്നു. എന്തിനേറെ ക്രിസ് തു വി നു വേണ്ടി എല്ലാം ത്യജിച്ചാൽ പോലും സ്നേഹത്തിന്റെ മർമ്മം മനസിലാക്കുന്നില്ല.

വീടുകളിലും ഇന്ന് അങ്ങനെയല്ലേ? ആളുകൾ തമ്മിൽ കണ്ടു മുട്ടുമ്പോൾ സഭകളിൽ കമ്മിറ്റികളിൽ പ്രവർത്തങ്ങളിലും കൂട്ടായ്മകളിലും പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിന് സ്നേഹമല്ലോ അടയാളമായിരിക്കേണ്ടത്? മുൻവിധികളും ദുർവർത്തമാനവും വിമർശനങ്ങളും പരിശുദ്ധാത്മാവന്റെ ഫലങ്ങളാണോ? ഭവനങ്ങളിലും പലപ്പോഴും ഭിന്നതകളും വ്യർത്ഥസംസാരങ്ങളുമല്ലേ സംഭവിക്കുന്നത്. കഷ്ടം! നാം ആത്മാവിന്റെ ആദ്യ ഫലമായ സ്നേ ഹത്തിന്റെ ആദ്യപാഠങ്ങൾ പോലും പഠിച്ചിട്ടില്ല.

എന്നാൽ ആത്മീയ ജീവിതത്തിലെ സത്യത്തിനെതിരായ പരീക്ഷകളാണ് ഇവയൊക്കെയും എന്ന് നാം മനസിലാക്കേണം. എല്ലാ ിട പെടലുകളിലും ആത്മനിറവും അതിന്റെ ഫലമായ സ്നേ ഹവും കേന്ദ്രമായിരിക്കേണം. സ്വാർത്ഥചിന്തകൾ ഉപേക്ഷിക്കണം ദൈവസ്നേഹവും യേശുവിന്റെ ജീവിതവും നമ്മുടെ അനുഭവമാക്കണേം.

സ്നേഹം മുന്നിട്ടു നിൽക്കുന്ന ഒരു ജീവിത അനുഭവത്തിലേയ്ക്ക് ഞാൻ നിങ്ങളെ വഴി കാട്ടുന്നു, അവിടെ സ്നേഹം നിങ്ങളെ ആഴമായ താഴ്മയിലേക്ക് നടത്തും. നമ്മുടെ വഴിയാത്രയിൽ ആളുകൾ തങ്ങൾക്കിഷ്ടമുള്ളത് ചെയ്യട്ടേ, എന്നാൽ നമുക്കു പറയാം. ഞാൻ ദൈവകൃപയാൽ മറ്റുള്ളവരെ സ്നേഹിക്കേണ്ടവനാണ്.

നമ്മുടെ ജീവിതത്തേയും ദൈവവചനമായ കണ്ണാടിയുടെ അടുത്തേയ്ക്ക് കൊണ്ടുപോകാം. നാം നന്നായി കാണുമ്പോൾ നമ്മെ നോക്കി നമുക്കു പറയാം. പ്രിയ കർത്താവേ, സഭയെ പരിശുദ്ധാത്മാവിന്റെ ഫലമായ നിന്റെ സ്നേഹത്താൽ നിറയ്ക്കേണമേ. അവിടുത്തെ ഇഷ്ടം ഞങ്ങളിൽ നിറവേറട്ടെ.

സഹോദനെ സ്നേഹിക്കുന്നതിലൂടെ ദൈവസ്നേഹം വെളിപ്പെടുന്നു.

യോഹന്നാൻ പറയുന്നത് " ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല". നാം അന്യോന്യം സ്നേഹിക്കുന്നു എങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു; അവന്റെ സ്നേഹം നമ്മിൽ തികഞ്ഞു മിരിക്കുന്നു. 1യോഹ. 4:12 താൻ പറയുന്നത് എനിക്ക് ദൈവത്തെ കാണാൻ സാദ്ധ്യമല്ല. എന്നാൽ അതിന് ഒരു പരിഹാരം എന്ന നിലയിൽ എനിക്കു സഹോദരനെ കാണാൻ കഴിയുന്നു. ഞാൻ എന്റെ സഹോദരനെ സ്നേഹിക്കുമ്പോൾ ദൈവം എന്നിൽ വസിക്കുന്നു.

അത് ശരിയാണോ? അതെ, സഹോദരനെ സ്നേഹിക്കുന്നതിലൂടെ ദൈവവുമായിട്ടുള്ള യഥാർത്ഥ കൂട്ടായ്മയുണ്ടാകുന്നു.

യോഹന്നാൻ വീണ്ടും വ്യക്തമാക്കുന്നത്, "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറകയും തന്റെ സഹോദരനെ പകെയ്ക്കയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല" (1 യോ. 4:20).

നിങ്ങൾക്ക് സ്നേഹമില്ലാത്ത ഒരു സഹോദരൻ ഉണ്ടെന്നിരിക്കട്ടെ. നിങ്ങൾ അദ്ദേഹത്തെ കാണുമ്പോഴൊക്കെയും നിങ്ങളെ വേദനിപ്പിക്കുന്ന ഒരു മനുഷ്യൻ അദ്ദേഹത്തിന്റെ സ്വഭാവം നിങ്ങളിൽ നിന്നും വ്യത്യസ്തമാണ്. നിങ്ങൾ ഒരു നല്ല വ്യാപാരിയാണ്. എന്നാൽ അദ്ദേഹം വ്യത്തിയില്ലാത്തവനും കാര്യങ്ങളിൽ ശ്രദ്ധയില്ലാത്തവനുമാണ്. നിങ്ങൾ പറയും, എനിക്ക് അദ്ദേഹത്തെ സ്നേഹിപ്പാൻ കഴിയുകയില്ല.

സ്നേഹിതാ, നിങ്ങൾക്കു ആ സ്നേഹിതന്റെ പാഠങ്ങൾ ഇതുവരെയും പഠിച്ചിട്ടില്ല. ക്രിസ്തു പഠിപ്പിച്ച സ്നേഹം മറ്റുള്ള പഠിപ്പിക്കലുകളിൽ നിന്നും വ്യത്യസ്തമാണ്. ഒരുവൻ അവന്റെ ഇഷ്ടം പോലെ ആയിരിക്കട്ടെ പക്ഷേ നീ അവനെ സ്നേഹിക്കണം. എല്ലാ ദിവസവും അതെ ഓരോ ദിവസവും സ്നേഹം ആത്മാവിന്റെ ഫലം ആണ്.

ദൈവത്തെ സ്നേഹിക്കുന്നു എന്ന ചിന്തയാൽ നിങ്ങൾക്ക് നിങ്ങളെ വഞ്ചിക്കുവാൻ കഴിയും. എന്നാൽ നിങ്ങൾ ദൈവത്തെ സ്നേഹിക്കുന്നു എന്ന് സഹോദരനെ സ്നേഹിക്കുന്നതിലൂടെ നിങ്ങൾ തെളിയിക്കേണ്ടതാണ്. നിങ്ങളിലുള്ള ദൈവസ്നേഹത്തിന്റെ നിലവാരം അളക്കുന്നത് അങ്ങനെയാണ്.

ദൈവസ്നേഹം നിങ്ങളിലുണ്ടെങ്കിൽ നിങ്ങൾ സഹോദരനെ സ്നേഹിക്കും. ആത്മാവിന്റെ ഫലമാണ് സ്നേഹം. യഥാർത്ഥമായി പരിശുദ്ധാത്മാവിനാൽ നിറയുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഒന്നാമതായി ചെയ്യേണ്ടത്, നിങ്ങളെ ഹൃദയാംഗമായി ദൈവത്തിന് സമർപ്പിച്ച് സ്നേഹത്തിന്റെ ആത്മാവിനാൽ നിറയപ്പെടേണ്ടതാണ്.

അങ്ങനെ സ്നേഹിക്കുവാനുള്ള ഒരു ഹൃദയം നമുക്കുണ്ടാകുമ്പോൾ പരിശുദ്ധാത്മാവിന്റെ പൂർണ്ണ നിറവ് നമുക്ക് അനുഭവിപ്പാനിടയാകും. ദൈവവചനത്തിന്റെ രണ്ടു പ്രമാണങ്ങൾ പരസ്പരം വേർപിരിക്കാൻ കഴിയാത്തവയാണ്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായിരിപ്പിൻ, എന്നതും ആത്മാവിന്റെ ഫലം സ്നേഹമാകുന്നു എന്നതും.

ഒരുവൻ ആപ്പിൾ ലഭിക്കണം എന്നുവച്ച് നടേണ്ടത് ആപ്പിൾ മരമാണ്. നിങ്ങൾ സഹോദരന്മാരെ സ്നേഹിക്കുന്നവരായാൽ ആത്മാവിനാൽ നിറയുവാനും കഴിയും. നിങ്ങൾ ആഗ്രഹിക്കുന്ന ഫലത്തിനുവേണ്ടി അതിന്റെ തൈ നടുക.

എങ്ങനെ നിങ്ങൾക്ക് ദൈവസ്നേഹത്താൽ നിറയാൻ കഴിയും? ആത്മാവിനാൽ നിറഞ്ഞവരായിരിപ്പിൻ. സ്നേഹത്തിൽ കുറവുള്ളവരാണ് എന്ന് താഴ്മയോ

(ശേഷം 7-ാംപേജിൽ)

(6-ാം പേജിന്റെ തുടർച്ച)

ആത്മാവിന്റെ ഫലം സ്നേഹമാണ്

ടും അനുതാപത്തോടും കർത്താവിന്റെ അടുക്കൽ വരിക, അഥവാ സ്നേഹിക്കാനുള്ള സമർപ്പണത്തോടും ആഗ്രഹത്തോടും അടുത്തുവരിക.

ഒരു പക്ഷേ സ്വാർത്ഥതയും അഹങ്കാരവും ഇരിക്കേ തന്നെ നമ്മുടെ ഇഷ്ടത്തിലും ആഗ്രഹങ്ങളിലും പരിശുദ്ധാത്മനിറവിനായി അന്വേഷിച്ചിരിക്കാം. നിങ്ങൾ നിങ്ങളെത്തന്നെ ത്യജിക്കാതെ പരിശുദ്ധാത്മനിറവിനായി ആഗ്രഹിക്കുന്നുണ്ടാവാം. എന്നാൽ താഴ്മയോടും വിനയത്തോടും സൗമ്യതയോടും സ്നേഹിക്കാനുള്ള മനോഭാവത്തോടും അടുത്തു ചെല്ലുക.

അതെ, അനുതാപത്തോടും ഏറ്റു പറച്ചിലോടും കൂടെ അടുത്തുവരിക. ക്രിസ്തു നിങ്ങളെ അഹങ്കാരത്തിൽ നിന്നും സ്വാർത്ഥതയിൽ നിന്നും സ്നേഹമില്ലായ്മയിൽ നിന്നും വിടുവിച്ച് ശുദ്ധീകരിക്കുമാറാകട്ടെ. ആത്മാവിലെ ഫലമായ സ്നേഹമുള്ളവരായി താഴ്മയിലും വിനയത്തിലും അടുത്തുചെന്ന് പരിശുദ്ധാത്മാവിന്റെ നിറവ് പ്രാപിച്ച് ദൈവവേലയിൽ മുന്നേറാം. ദൈവമായ കർത്താവ് അതിനായി നമ്മെ സഹായിക്കട്ടെ. ❖

(3-ാം പേജിന്റെ തുടർച്ച)

പരിശുദ്ധാത്മാവിന്റെ പ്രകൃത്യാതീതമായ ശക്തി നമുക്കാവശ്യം

ച്ചിരുന്നു" (അ.പ്ര. 4:33). മീഖായെപ്പോലെ നാമും പറയണം, "എങ്കിലും ഞാൻ യാക്കോബിനോട് അവന്റെ അതിക്രമവും യിസ്രായേലിനോട് അവന്റെ പാപവും പ്രസ്താവിക്കേണ്ടതിന് യഹോവയുടെ ആത്മാവിനാൽ ശക്തിയും ന്യായവും വീര്യവും കൊണ്ട് നിറഞ്ഞിരിക്കുന്നു" (മീഖാ. 3:8).

യേശു പറഞ്ഞു "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും" (അ.പ്ര. 1:8). യേശു പറഞ്ഞു, "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു" (മത്താ. 28:18). "നിങ്ങളോ ഉയരത്തിൽ നിന്നും ശക്തി ലഭിക്കുനോളം നഗരത്തിൽ പാർപ്പിൻ" (ലൂക്കൊ. 24:490. എത്രയധികം ഈ ശക്തി ഇന്ന് നമുക്ക് ആവശ്യമായിരിക്കുന്നു. ജീവിതത്തിന്റെ കുറവുകൾ, അപര്യാപ്തത, ആത്മാവിന്റെ ഫലമില്ലായ്മ, ക്ഷീണം ഇവയെല്ലാം പരിഹാരമാണ്. പരിശുദ്ധാത്മാവിന്റെ ശക്തി. നമ്മുടെ ആത്മിക ചിറകുകളെ ഒതുക്കിക്കെട്ടുവാനും ഉത്സാഹമില്ലാത്തവരോ നിശ്ചലന്മാരോ ആകുവാനും പാപത്തിന് ശക്തിയുണ്ട്. നമ്മെ ഞെരുക്കുവാനും, കൊല്ലുവാനും തളർത്തിക്കളയുവാനും പാപത്തിനുള്ള ശക്തി മറ്റൊന്നിനുമില്ല. പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിലുണ്ടെങ്കിൽ നാം ഫലമില്ലാത്തവരോ ഒഴിഞ്ഞവരോ സഹായമില്ലാത്തവരോ ആയിരിക്കുകയില്ല.

കവിയുന്ന ആത്മ ജീവൻ

" പരിശുദ്ധാത്മാവിനെ നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നു " (അ.പ്ര.2:38,39). "നാം പരിശുദ്ധാത്മാവിനാൽ നിറയപ്പെടണം എന്ന് കല്പിച്ചിരിക്കുന്നു " (എഫെ. 5:18). ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രകൃത്യാതീതമായ ശക്തി നമ്മുടെ ജീവിതങ്ങളിൽ ആവശ്യമാണ്. അവിടുന്ന് നമുക്ക് ശക്തി നൽകും. സാക്ഷികളാക്കി നമ്മെ ശക്തീകരിക്കും. പരിശുദ്ധാത്മാവ് നമ്മുടെ ചെവിയെയും കണ്ണിനെയും തുറക്കും. നമ്മുടെ നാവിനെ സ്വതന്ത്രമാക്കും. ദൈവം നമുക്ക് സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നീ ആത്മാവിന്റെ ഫലങ്ങളെ തരുന്നു (ഗലാ. 5:22,23). " അവൻ ജീവജലത്തിന്റെ നദികൾ നമ്മിൽ ഒഴുക്കും " (യോഹ. 7:39). നമ്മുടെ ജീവിതം ഒരു വറ്റാത്ത കിണർ പോലെ അനുഗ്രഹം പ്രാപിക്കും.

നാം വരണ്ട ഒരു ജീവിതം നയിക്കുന്നത് ദൈവം ഇഷ്ടപ്പെടുന്നില്ല. ആത്മാവിൽ ജനിക്കുവാൻ മാത്രമല്ല, ആത്മാവിൽ നിറയുവാനും നമുക്കു കഴിയും. ആത്മാക്കളെ നേടുന്ന ശക്തിയും അവിടുന്ന് നമുക്കു തരും ആത്മാവിലെ ആഴമേറിയ ജീവിതം നാം അറിയപ്പെടുന്നു. " ദൈവത്തിന്റെ എല്ലാ നിറവിനാലും നാം നിറയപ്പെടണം " (എഫെ. 3:19). "ക്രൂശിക്കപ്പെട്ട ജീവിതം നാം നയിക്കണം " (ഗലാ. 2:20).

ഈ കാലഘട്ടത്തിന്റെ കല്പിത ദൗത്യമാണ് ആത്മനിറവിൻ ജീവിതം! ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയെ ഉയരത്തിൽ നിന്നും പകർന്ന് നമ്മെ വിടുവിക്കുവാനും തനിക്ക് പ്രയോജനമുള്ളവരായിരിപ്പാനും ദൈവം ആഗ്രഹിക്കുന്നു. അനേക ക്രിസ്ത്യാനികളും ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയെ തങ്ങളുടെ ജീവിതത്തിൽ നിന്നും നഷ്ടപ്പെടുത്തിക്കളയുന്നു.

അപ്പോസ്തലപ്രവർത്തികൾ പറയുന്ന പരിശുദ്ധാത്മാ ശക്തിയെ നാം പ്രാപിക്കണം. നാം ഒരിക്കലും ആത്മീക പാപ്പരത്തമുള്ളവരായിരിക്കരുത്. നമ്മുടെ പദവികൾക്ക് താഴെ നാം ജീവിക്കരുത്. ആത്മീക അന്ധകാരത്തിൽ നാം വലഞ്ഞു പോകരുത്. ആത്മീയ ജീവിതത്തിൽ കള്ളൻമാരായിപ്പോകരുത്.

ആത്മീകമായി നാം ശക്തന്മാരായിരിക്കണം. തേജസ്സും ഓജസ്സും ഉള്ളവരായിരിക്കണം. ദൈവവുമായി പുതിയ അനുഭവത്തിലേക്ക് അവിടുന്ന് നമ്മെ നടത്തട്ടെ. അവിടുത്തെ വചനത്തിന്റെ നിലവാരം ഏറ്റവും ഉയർന്നതാണ്. ദൈവത്തോടുള്ള മനോഭാവത്തിലും അവിടുത്തെ അനുഗ്രഹങ്ങളാലും ദൈവത്തിന് ആത്മികമല്ലന്മാരായിരിപ്പാൻ നമുക്കു കഴിയും.

ഉന്നത നിലവാരത്തിലുള്ള ജീവിതത്തിനായുള്ള ഒരു വിളി

നമ്മുടെ ആത്മിക രോഗങ്ങൾക്കും തളർച്ചയ്ക്കും തോൽവിക്കുമൊക്കെയുള്ള ഏകപരിഹാരം ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആണ്. ദീർഘനാളുകളായി നാം ദൈവത്തിന്റം പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു, കെടുക്കുന്നു, അസഹ്യപ്പെടുത്തുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിറയപ്പെടേണ്ടതിനായി പുതിയ ഒരു ദാഹവും വിശപ്പും ദൈവം നമുക്കു നൽകട്ടെ.

"ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ" (1തെസ്സ. 4:3). "ദൈവം നമ്മെ അശുദ്ധിയ്ക്കല്ല ശുദ്ധീകരണത്തിനത്രേ വിളിച്ചത് " (1തെസ്സ. 4:7). സമാധാനത്തിന്റെ ദൈവം നമ്മെ ശുദ്ധീകരിക്കുമാറാകട്ടെ. നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ" (1തെസ്സ. 5:23). " നാം നിഷ്കളങ്കനും നിരപവാദ്യനുമായി ഈ കല്പന നമ്മുടെ കർത്താവായ യേശുവിന്റെ പ്രത്യക്ഷതവരെ പ്രമാണിച്ചുകൊള്ളണം " (1തിമൊ. 6:13). വീണ്ടും പൗലൊസ് പറയുന്നത് എങ്കിലും ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം നിലനിൽക്കുന്നു, കർത്താവ് തനിക്കുള്ളവരെ അറിയുന്നു എന്നും കർത്താവിന്റെ നാമം ഉച്ചരിക്കുന്നവനെല്ലാം അനീതി വിട്ടകന്നു കൊള്ളട്ടെ എന്നും ആകുന്നു അതിന്റെ മുദ്ര (2തിമൊ. 2:19). നിശ്ചയമായും അത് നമുക്കുള്ള സമയമത്രേ. പ്രിയമുള്ളവരേ ഈ

(ശേഷം 8-ാം പേജിൽ)

(കഴിഞ്ഞ ലക്കം തുടർച്ച)

പരിശോധനകളെ നേരിടുന്ന ക്രിസ്തീയ മാർഗ്ഗം

സ്തുതി, ബഹുമാനം, മഹത്വം

ഏറ്റവും ശ്രേഷ്ടമായ ഒരു വചനത്തിലേയ്ക്ക് നാം വരുന്നു: അഴിഞ്ഞു പോകുന്നതും തീയിൽ ശോധന കഴിക്കുന്ന പൊന്നിനെക്കാളും നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത്. അത് വരുന്നു. ഞാൻ അറിയുന്നു. യേശുക്രിസ്തുവിന്റെ ദിവസം ഞാൻ അന്ന് അവനോട് കൂടെയിരിക്കും. ഈ ലോകത്തിൽ ഈ ജീവിത്തിൽ ഇന്ന് സംഭവിക്കുന്നതെല്ലാം ആ മഹത്തായ ദിവസത്തിന്റെ മുതൽക്കൂട്ടുകളാണ്.

ആ മഹത്തായ ദിവസം വരുമ്പോൾ, വിശ്വാസത്തിന്റെ പരിശുദ്ധി അന്ന് വെളിപ്പെടും. അവിടെ സ്തുതിയും ബഹുമാനവും മഹത്വവും ഉണ്ടായിരിക്കും. ആരുടെ സ്തുതിയും ബഹുമാനവും മഹത്വും ആണത്? പരമ പ്രധാനമായി ദൈവത്തിനുള്ളത്. കർത്താവ് പറയുന്നു. ഇതാ ഞാനും അവിടുന്ന് എനിക്ക് തന്ന മക്കളും. അന്ന് അവിടുന്ന് വിളിക്കപ്പെട്ട തന്റെ മക്കളെ നോക്കുന്നത് ആ സംതൃപ്തിയോടെയത്രേ. ചാരിതാർത്ഥ്യത്തോടെയത്രേ അവരെ നോക്കുന്നത്. അതെ അന്ന് അവർ കർത്താവിനോടുകൂടെ ആയിരിക്കും.

എന്നാൽ അത് നമ്മുടെയും ബഹുമാനവും സ്തുതിയും മഹത്വവുമാണ്. നാം അത് ആ മഹത്വത്തിൽ പങ്കുവയ്ക്കും. നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു. ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക. (മത്താ. 25:21) തന്റെ മഹത്വം നമ്മെ ധരിപ്പിക്കും, നമ്മുടെ നിത്യത അവിടുത്തോടു ചേർന്ന് സന്തോഷിക്കും. ശ്രേഷ്ടവും ഏറെ പരിശുദ്ധവുമായ നമ്മുടെ വിശ്വാസം, നമ്മുടെ മഹത്വും വലുതായിരിക്കും.

നാനാവിധ പരീക്ഷകളാൽ നാം ഭാരപ്പെടുന്നവരായിരിക്കാം. കണ്ണീരിലായിരിക്കാം നാം ജീവിക്കുന്നത്. സാരമില്ല, നമുക്കായി വാഗ്ദത്തം ചെയ്ത ആ ദിവസം വരുന്നു. സിംഹാസനത്തിന്റെ മദ്ധ്യേയുള്ള കുഞ്ഞാട് അവരെ മേയിച്ച് ജീവജലത്തിന്റെ ഉറവുകളിലേയ്ക്ക് കുഞ്ഞാട് അവരെ മേയിച്ച് ജീവജലത്തിന്റെ ഉറവുകളിലേക്ക് നടത്തുകയും ദൈവം അവരുടെ കണ്ണിൽ നിന്നും കണ്ണീർ എല്ലാം തുടച്ചുകളകയും ചെയ്യും (വെളി. 7:17).

പരിശോധനകളെ നേരിടുന്ന ക്രിസ്തീയ വഴി അതാണ്. നാം ദൈവത്തിന്റെ കരങ്ങളിലാണ്. ഇത് രക്ഷയ്ക്കുള്ള ദൈവത്തിന്റെ വഴിയാണ്. നമ്മടേതല്ല., ദൈവത്തിന് നമ്മെ സമർപ്പിക്കാം. ദൈവകരങ്ങളിൽ അമർന്നിരിക്കാം. എന്നിട്ട് പറയാം. അങ്ങയുടെ ഇഷ്ടം വരണമേ, അതത്രേ ഞങ്ങളുടെ ഇഷ്ടം. ഞങ്ങൾ എന്നും അങ്ങയുടെ മുമ്പിൽ അങ്ങേയ്ക്കാ പ്രസാദമുള്ളവരായിരിക്കട്ടെ. ❖

(2-ാം പേജിന്റെ തുടർച്ച)

സഭ മുട്ടിന്മേൽ നിൽക്കേണ്ടതാണ്.

യിച്ചുള്ളതും പരിശുദ്ധാത്മാവിന്റെ ശക്തമായ ദൂതും പ്രവൃത്തിയുമാണ് അവരെ ഭലമേല്പിച്ചത്. യേശു പറഞ്ഞത്, “ഉയരത്തിൽ നിന്നും ശക്തി ലഭിക്കുവോളം നഗരത്തിൽ പാർപ്പിൻ” (ലൂ. 24:49) എന്നാലും എത്രയെത്ര ശുശ്രൂഷകന്മാർ, ഉപദേഷ്ടാക്കന്മാർ സുവിശേഷകന്മാർ മറ്റുവേലക്കാർ ആണ് പരിശുദ്ധാത്മാവിന്റെ ശക്തിയില്ലാതെ വേലയിൽ നേട്ടമുണ്ടാക്കാൻ ശ്രമിക്കുന്നത്.

ഇന്നത്തെ അനേക സഭകളുടെ മണ്ടത്തരമാണ് പരിശുദ്ധാത്മാവിന്റെ ശക്തിയില്ലാതെ ദൈവത്തിന്റെ വേല ചെയ്യുന്നതും ആത്മാക്കളെ നേടുവാൻ ശ്രമിക്കുന്നതും. എങ്കിൽ എന്തുകൊണ്ട് അത്ഭുതപ്പെടണം, ധാരാളം ചെലവാക്കുന്നു, ചെയ്യുന്നു, പോകുന്നു, പക്ഷേ കുറച്ചു ഫലം, വളരെ കുറുച്ചു പേർ രക്ഷിക്കപ്പെടുന്നു.

സഭയുടെ തൂണുകളായ ഭക്തന്മാർ ഒരു നിമിഷം ദൈവ മുമ്പാകെ ഏല്പിച്ച് മുട്ടിന്മേൽ നിന്ന് ദൈവത്തെ വിളിച്ചപേക്ഷിച്ച് പരിശുദ്ധാത്മാവിന്റെ ശക്തി പ്രാപിച്ച് തുടർച്ചയായി വയലിൽ ആയിരിക്കുമെങ്കിൽ സുവിശേഷപ്പോർക്കളത്തിലായിരിക്കുമെങ്കിൽ ഈ നൂറ്റാണ്ടിന്റെ അത്ഭുതകരമായ വിജയം പ്രാപിക്കാൻ കഴിയും.

സഭകൾ, വിശ്വാസികൾ, എല്ലാടത്തുമുള്ള ദൈവജനം, ഏറ്റവും വലിയ ആവശ്യമായ പരിശുദ്ധാത്മാവിന്റെ ശക്തി വ്യക്തിപരമായി പ്രാപിച്ച് അതു തരുന്ന വിശുദ്ധിയും ശക്തിയും സഭകളെ അവരുടെ ശുശ്രൂഷകളിൽ ബലപ്പെടുത്തും. സഭയുടെ സംവിധാനത്തിലും പ്രവർത്തനത്തിലും ശുശ്രൂഷയിലും വ്യത്യസ്തമായി ചിലത് നടന്നേ മതിയാവൂ.

സഭ മുട്ടിന്മേൽ നിന്ന് താഴ്മയോടും അനുതാപത്തോടും ദൈവത്തിന്റെ കരുണയ്ക്കായ് അപേക്ഷിച്ച് ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തി പ്രാപിക്കുമ്പോൾ ദൈവത്തിന്റെ പ്രവൃത്തി നമുക്ക് ഈ തലമുറയിൽ തന്നെ കാണാൻ കഴിയും. ❖

(3-ാം പേജിന്റെ തുടർച്ച)

പരിശുദ്ധാത്മാവിന്റെ പ്രകൃത്യാതീതമായ ശക്തി നമുക്കാവശ്യം

വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊണ്ട് നാം ജഡത്തിലെയും ആത്മാവീലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികെച്ചുകൊൾക ” (2കൊരി. 7:1).

നിങ്ങൾക്കു മീതെ ഒരു വിളിയുണ്ട് ഇഷ്ടമുള്ളതിനെ തെരഞ്ഞെടുക്കൂ. ദൈവത്തിന്റെ വിളി അത് ഉന്നത വിളിയാണ്, നിറഞ്ഞ ജീവിതമാണ്. ആഴമുള്ള ജീവിതമാണ്. ശ്രദ്ധയുള്ള ജീവിതമാണ്. വിജയകരമായ ജീവിതമാണ്. ആത്മനിറവിൻ ജീവിതമാണ്. നിശ്ചയമായും നമുക്ക് ഒരു ദൈവിക സന്ദർശനം ആവശ്യമാണ്, ദൈവശക്തിയേയും ദൈവസാന്നിദ്ധ്യത്തെയും സംബന്ധിച്ച ഒരു പുതിയ ബോധം, ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ഒരു പുതിയ അഭിഷേകം!

മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു കരച്ചിൽ നമുക്ക് ആവശ്യമായിരിക്കുന്നു. “ നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന് നീ ഞങ്ങളെ വീണ്ടും ജീവീപ്പിക്കയില്ലയോ”? ഇത് പ്രാർത്ഥിപ്പാനുള്ള സമയമത്രേ, “യഹോവേ, ഞാൻ നിന്റെ കേൾവി കേട്ടു ഭയപ്പെട്ടുപോയി; യഹോവേ, ആണ്ടുകൾ കഴിയും മുമ്പേ അതിനെ വെളിപ്പെടുത്തേണമേ; ക്രോധത്തിങ്കൽ കരുണ ഓർക്കേണമേ” (എബ്ര. 3:2).

നമ്മുടെ ഏറ്റവും വലിയ ആവശ്യം ദൈവത്തെ സംബന്ധിച്ചതാണ്. കൂടുതലായിട്ടുള്ള പരിശുദ്ധാത്മാവിന്റെ ശക്തി, കൂടുതലായുള്ള ഉപവാസവും പ്രാർത്ഥനയും “അപ്പോൾ നിന്റെ വെളിച്ചം ഉഷസുപോലെ പ്രകാശിക്കും (യെശ. 58:8). ആ വെളിച്ചം നമ്മുടെ മേൽ പ്രകാശിക്കട്ടെ. “നിന്റെ പ്രകാശം ഇരുളിൽ ഉദിക്കും നിന്റെ അന്ധകാരം മദ്ധ്യാഹ്നംപോലെ ആകും. യഹോവ എല്ലായ്പ്പോഴും നിന്നെ നടത്തുകയും വരണ്ട നിലത്തിലും നിന്റെ വിശപ്പ് അടക്കി, നിന്റെ അസ്ഥികളെ ബലപ്പെടുത്തുകയും ചെയ്യും; നീ നനവുള്ള തോട്ടം പോലെയും വെള്ളം വറ്റിപ്പോകാത്ത നീരുറവുപോലെയും ആകും ” (യെശ. 58:10,11). ദൈവം ഈ അനുഗ്രഹങ്ങൾ നമ്മുടെ മേൽ അയയ്ക്കട്ടെ.

❖